പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2942** 13.03.2018-ലെ മറുപടിയ്ക്ക്

**ഏകോപിത തദ്ദേശ ഭരണ സർവ്വീസ്**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.എൻ.എ. ഖാദർ<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.എൻ. എ.നെല്ലിക്കുന്ന്<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും<br>വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| (എ) പഞ്ചായത്ത് വകുപ്പ്, നഗരകാര്യ വകുപ്പ്, നഗരാസൂത്രണ വകുപ്പ്, തദ്ദേശ എഞ്ചിനീയറിംഗ് വിഭാഗം, ഗ്രാമ വികസന ഡയറക്ടറേറ്റ് എന്നിവ സംയോജിപ്പിച്ച് ഏകോപിത തദ്ദേശ ഭരണ സർവ്വീസ് നടപ്പിലാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശക്തമാക്കുന്നതിന് ഏകോപിത സംവിധാനം ആവശ്യമാണെന്ന കാര്യം അധികാര വികേന്ദ്രീകരണ കമ്മിറ്റിയും (സെൻ കമ്മിറ്റി) വീരപ്പ മൊയ്‌ലി കമ്മിറ്റിയുമടക്കമുള്ള വിദഗ്ധ സമിതികൾ പഠിച്ച് സമർപ്പിച്ച റിപ്പോർട്ടുകളിലുണ്ട്. കൂടാതെ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ തദ്ദേശ ഭരണ സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച വ്യക്തമായ വകുപ്പുമുണ്ട്. ഇത് എങ്ങനെ നടപ്പിലാക്കണമെന്ന് മാത്രം പരാമർശമില്ല. അതിനാലാണ് ഈ ചുമതല ലോക്കൽ ഗവണ്മെന്റ് കമ്മീഷനെ ഏല്പിച്ചത്. കമ്മീഷൻ വിശദമായ പഠനങ്ങൾക്ക് ശേഷം കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) ഇതു നടപ്പിലാക്കുന്നതു വഴി നിലവിലുള്ള സംവിധാനത്തിൽ നിന്നും വ്യത്യസ്തമായി പറയാവുന്ന മേന്മകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (ബി) തദ്ദേശസ്വയംഭരണ സർവ്വീസ് രൂപീകരിക്കുന്നതിലൂടെ ഇന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന ഭരണപരമായ പ്രശ്നങ്ങൾക്കും ആസൂത്രണ പദ്ധതിയുടെ രൂപീകരണവും നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**